സംസ്ഥാനത്തിന്റെ പൊതുകടം

10 [467] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുകടം 2006 ജനുവരി 15 വരെ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ പൊതു കടത്തിലുണ്ടായ വർദ്ധനവ് എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുകടം വർദ്ധിച്ചതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) വിദേശ ഏജൻസികൾ ഉൾപ്പെടെ ഏതെല്ലാം ഏജൻസികളിൽ നിന്നും എന്ത് തുക വീതം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) വായ്പാ തുകയിൽ എന്ത് തുക വീതം തിരിച്ചടച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) വായ്പാ തുകയ്ക്ക് എന്ത് തുക പ്രതിവർഷം പലിശയിനത്തിൽ നൽകണമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ഇതുൾപ്പെടെ 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടം 44350 കോടി രൂപയാണ്.

(ബി) 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ പൊതു കടത്തിലുണ്ടായ വർദ്ധനവ് താഴെ കാണും പ്രകാരമാണ്:

(തുക കോടിയിൽ)

വർഷം	പൊതുകടത്തിലുണ്ടായ വർദ്ധനവ്
2001-02	3031.59
2002-03	4109.70
2003-04	6391.96
2004-05	4425.65
2005-06 (31-12-2005 വരെ)	2472.00

(സി) കഴിഞ്ഞ കുറെ വർഷങ്ങളായി പദ്ധതി ചെലവ് ഏതാണ്ട് പൂർണ്ണമായും കണ്ടെത്തുന്നത് ആസൂത്രണ കമ്മീഷന്റെ അനുമതിയോടെ എടുക്കുന്ന വിവിധ വായ്പകളിലൂടെയാണ്. ഓരോ വർഷവും വർദ്ധിച്ച തോതിലുള്ള വാർഷിക പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനാലാണ് പൊതുകടം വർദ്ധിക്കുന്നത്. കൂടാതെ മുൻ ബാദ്ധ്യതകൾ തീർത്തതിനാലും വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുത്തതും വൈദ്യുതി ബോർഡിന് സബ്സിഡി നൽകിയതും പൊതുകടം വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ട് കടം എടുക്കാറില്ല. വിദേശ സഹായം കേന്ദ്ര സർക്കാർ വഴി വിദേശ സഹായ പദ്ധതികൾക്കായുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്. ഇത് കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളിൽ ഉൾപ്പെടുന്നു. മറ്റ് ഏജൻസികളിൽ നിന്നും എടുത്ത വായ്പകളിൽ ഇപ്പോഴുള്ള ബാലൻസ് താഴെ പറയും പ്രകാരമാണ്:

(തുക കോടിയിൽ)

	ഏജൻസി	ബാലൻസ്
1.	കേന്ദ്ര സർക്കാർ	5475.44
2.	വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിപണിയിൽ നിന്നുമുള്ള ആഭ്യന്തര കടം	24712.18
3.	സ്മോൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായവ	14162.26

(ഇ) വായ്പകൾ വിവിധ ഏജൻസികളിൽ നിന്നും വിവിധ വർഷങ്ങളിൽ എടുത്തിട്ടുള്ളതും, പ്രോവിഡന്റ് ഫണ്ട് ഉൾപ്പെടെ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പുമാണ്. ഇവയുടെ തിരിച്ചടവ് വ്യവസ്ഥകൾ പ്രകാരം കൃത്യമായി വായ്പാ തിരിച്ചടവ് നടത്തിവരുന്നു. അതിനുള്ള തുകകൾ അതാതു വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതാണ്.

(എഫ്) ഓരോ വായ്പയുടെയും നിബന്ധന അനുസരിച്ചുള്ള പലിശ കൃത്യമായി അടച്ചുവരുന്നു

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

11 [468] ശ്രീ. സി. ടി. അഹമ്മദ് അലി :

,, സി. മോയിൻകുട്ടി :

,, കെ. എൻ. എ. ഖാദർ :

,, ഇസ്ഹാക് കുരിക്കൾ :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നടപ്പുവർഷത്തിൽ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സാമ്പത്തിക ഭദ്രത കൈവരുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly